**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T **1418**      03-12-2018 -ൽ മറുപടിക്ക്

**ദേശിയ ദുരന്ത നിവാരണ ഫണ്ട്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേശിയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എന്ത് തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി - കേന്ദ്ര വിഹിതം, 48.50 കോടി - സംസ്ഥാന വിഹിതം), 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153.00 - കേന്ദ്ര വിഹിതം, 51.00 കോടി - സംസ്ഥാന വിഹിതം) 2018-19 സാമ്പത്തിക വർഷത്തിൽ 214 കോടി രൂപയും 160.50 കോടി - കേന്ദ്ര വിഹിതം, 53.50 കോടി - സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. 2016-17 ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 31.72 കോടി രൂപ അനുവദിച്ചിരുന്നു. ഓഖിയുമായി ബന്ധപ്പെട്ട് 133 കോടി രൂപയുടെ അടിയന്തിരസഹായം അനുവദിക്കുകയും, ഓഖിക്കായി അനുവദിച്ച സഹായത്തിൽ 21.30 കോടി രൂപ അധികമായി അനുവദിച്ചതായി 26/02/2018 ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ്കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് 600 കോടി രൂപ ദേശീയദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 390,28,00,000/- രൂപ അഡീഷണൽ ആതറൈസേഷൻ വഴി വകയിരുത്തിയിട്ടുണ്ട്. |
| ബി) | പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) | ഹെഡ് ഓഫ് അക്കൗണ്ടുകൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | സംസ്ഥാനത്തിന്റെ എസ്.ഡി. ആർ. എഫ്- ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കുമോ? | സി) | 2016-17 സാമ്പത്തിക വർഷം 152.30 കോടി രൂപയും, 2017-18 സാമ്പത്തിക വർഷം 193.64 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 600,14,54,600/- കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ 609,13,43,400/- രൂപ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl No. | Head of Account3 |
|---|---|
| 1 | 2245-01-101-99 -D-Agri Crop Loss |
| 2 | 2245-01-101-98-D -Food & Clothing |
| 3 | 2245-01-102-99-D -Drinking Water Supply |
| 4 | 2245-02-101-98-F-Food & Clothing |
| 5 | 2245-02-101-96 F-Supply Of Medicines |
| 6 | 2245-02-101-95-F-Agri Crop Loss |
| 7 | 2245-02-101-94- F-Other Items |
| 8 | 2245-02-102-99-F-Drinking Water Supply |
| 9 | 2245-02-105-99-F-Veterinary Care |
| 10 | 2245-02-106-99-F-Restoration of Damaged Roads |
| 11 | 2245-02-107-99-F-Repairs to Govt Office Building |
| 12 | 2245-02-110-99-F-Repairs of damaged water supply schemes |
| 13 | 2245-02-111-99- Exgratia to bereaved families |
| 14 | 2245-02-112-99-F-Evacuation of population |
| 15 | 2245-02-113-99 -F-Repair to Damaged Houses |
| 16 | 2245-02-115-99 F-Assistance To Farmers to Clear Salt /Silt |
| 17 | 2245-02-118-99-00-00-00-F-Repair and Replacement of damaged Fishing Boats |
| 18 | 2245-02-114-99-F-Assistance to farmers to purchase Agri inputs |
| 19 | 2245-02-119-99-F- Assistance for Artisans for repair/replacement of damaged tools |
| 20 | 2245-02-122-99-F-Repair/Replacement of damaged irrigation works |
| 21 | 2245-80-800-80 Other Miscellaneous Relief Expenditure |
| 22 | 2245-01-105-99-D-Veterinary care |
| 23 | 2245-02-800-96-F-Exgratia to injured persons |

സെക്ഷൻ ഓഫീസർ